**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 952** **02-02-2026 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യമുക്ത ആദിവാസി ഉന്നതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന അതിദാരിദ്ര്യമുക്ത പദ്ധതിയിൽ കേരളത്തിലെ ആദിവാസി ഉന്നതികളിലെ എത്ര കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്; | (എ) | **സംസ്ഥാനത്ത് 2422 പട്ടികവർഗ്ഗ കുടുംബാഗങ്ങളെയാണ് അതിദാരിദ്ര്യമുക്ത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്** |
| (ബി) | ഇവരുടെ കുടുംബങ്ങൾക്കായി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെയും ചെലവാക്കിയ തുകകളുടെയും വിശദമായ കണക്ക് ലഭ്യക്കാമോ; | (ബി) | ആദിവാസി ഉന്നതികളിൽ നിന്നുള്ള കുടുംബങ്ങൾക്ക് ആഹാരം, ആരോഗ്യം, വരുമാനം, സുരക്ഷിതമായ വാസസ്ഥലം എന്നീ സേവനങ്ങൾ ഉറപ്പാക്കിയ വകയിൽ ആകെ 12,23,45,051/- (പന്ത്രണ്ട് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തയ്യായിരത്തി അമ്പത്തി ഒന്ന്) രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | അതിദാരിദ്ര്യമുക്ത പട്ടികയിൽ ഇടം പിടിച്ചവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്? | (സി) | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പട്ടികയിൽ ഉൾപ്പെട്ടവർക്കായി പ്രത്യേക മൈക്രോപ്ലാനുകൾ തയ്യാറാക്കുകയും അവ പ്രകാരമുള്ള സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഓരോ കുടുംബത്തിന്റെയും സവിശേഷമായ ആവശ്യങ്ങൾ മുൻനിർത്തി തയ്യാറാക്കിയ ഈ പദ്ധതിയിലൂടെ ആഹാരം, ആരോഗ്യം, വരുമാനം, സുരക്ഷിതമായ വാസസ്ഥലം എന്നിവ ഉറപ്പാക്കി വരുന്നു.<br><br>സ്വയംതൊഴിൽ ധനസഹായം, ഭക്ഷണ കിറ്റുകൾ, മരുന്നുകൾ, പാലിയേറ്റീവ് കെയർ സൗകര്യങ്ങൾ, വിവിധ വരുമാനദായക മാർഗ്ഗങ്ങൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്. കൂടാതെ, ശൗചാലയ നിർമ്മാണം, കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ, വീട് വാസയോഗ്യമാക്കൽ, വീടും സ്ഥലവും അനുവദിക്കൽ, അവശ്യമായ അടിസ്ഥാന രേഖകൾ ലഭ്യമാക്കൽ തുടങ്ങിയ സേവനങ്ങളും ഇതിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ